ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.08.2025**

## പ്രധാനവാർത്തകൾ

1) ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു.

2) പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി. വിഷയത്തിൽ ദേശീയ നയം ആവശ്യമാണെന്നും കോടതി.

3) ലോകത്തെ ഏറ്റവും വലിയ നാല് സമ്പദ്‌വ്യവസ്ഥകളിലൊന്നായി രാജ്യം മാറിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

4) സംസ്ഥാനത്ത് രണ്ട് മാസത്തെ സാമൂഹ്യസുരക്ഷ ക്ഷേമ പെൻഷൻ നാളെ മുതൽ വിതരണം ചെയ്യും.

5) കോഴിക്കോട് ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു.

6) 17-ാമത് കേരള രാജ്യാന്തര ഡോക്യുമെൻററി, ഹ്രസ്വചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരി തെളിയും.

**************************************

RNU TVPM

## പ്രധാനമന്ത്രി - ബീഹാർ/പശ്ചിമബംഗാൾ

ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. ഗംഗാ നദിയിലെ ആന്റ - സിമാരിയ പാലം, ഭക്തിയാർപൂർ മുതൽ മൊകാമ വരെയുള്ള നാലുവരി പാത, ബക്സർ താപവൈദ്യുത നിലയം, മുസാഫർപൂരിലെ ഹോമി ഭാഭ കാൻസർ ആശുപത്രി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. പശ്ചിമബംഗാളിൽ എത്തുന്ന പ്രധാനമന്ത്രി കൊൽക്കത്തയിൽ പുതുതായി നിർമ്മിച്ച മെട്രോ ട്രെയിൻ സർവീസുകൾ ഫ്ലാഗ് ഓഫ് ചെയ്യും.

****************************************************

## സുപ്രീംകോടതി - തെരുവ് നായ്

പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി . ഇത്തരത്തിൽ ഭക്ഷണം നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും പ്രത്യേക ഇടങ്ങൾ ഒരുക്കാനും മൂന്നംഗ ബെഞ്ച് ഉത്തരവിട്ടു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇത് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചു. പിടികൂടുന്ന തെരുവ് നായ്ക്കളെ വിട്ടയയ്ക്കരുതെന്ന മുൻ ഉത്തരവും കോടതി സ്റ്റേ ചെയ്തു. തെരുവ് നായ വിഷയത്തിൽ ദേശീയ നയം രൂപീകരിക്കേണ്ടതുണ്ടെന്നും സുപ്രീം കോടതി വിലയിരുത്തി.

PNUTVPM

****************************************************

## എം.ബി.രാജേഷ്.. (ഇൻട്രോ)

തെരുവ് നായ പ്രശ്നത്തിൽ നിലവിലെ എ ബി സി ചട്ടങ്ങളിൽ മാറ്റം ആവശ്യമാണെന്ന് ആവർത്തിച്ച് മന്ത്രി എം ബി രാജേഷ്. പ്രായോഗികവും ശാസ്ത്രീയവുമായ പരിഹാരമാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

*****************************************

## ക്ഷേമ പെൻഷൻ

സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാരിൻറെ ഓണ സമ്മാനമായി രണ്ടു ഗഡു ക്ഷേമ പെൻഷൻ ലഭിക്കും. ഇതിനായി 1,679 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് ഓണത്തിന് 3,200 രൂപവീതം പെൻഷൻ ലഭിക്കുന്നത്. ആഗസ്റ്റിലെ പെൻഷന് പുറമെ ഒരു ഗഡു കുടിശിക കൂടിയാണ് അനുവദിച്ചത്. നാളെ മുതൽ വിതരണം ആരംഭിക്കും.

*****************************************

## അമിത് ഷാ - കേരളം (ഇൻട്രോ)

RNUTVPM

ലോകത്തെ ഏറ്റവും വലിയ നാല് സമ്പദ്‌വ്യവസ്ഥകളിലൊന്നായി രാജ്യം മാറിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭരണത്തിന് കീഴിൽ പുതുയുഗത്തിന് തുടക്കമായതായും അദ്ദേഹം പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പിൽ ബി ജെ പി 25 ശതമാനം സീറ്റ് നേടുമെന്നും കൊച്ചിയിൽ നടന്ന മാധ്യമ കോൺക്ലേവിൽ ശ്രീ അമിത്ഷാ പറഞ്ഞു.

(വോയിസ്)

കൊച്ചിയിൽ ഇന്ന് നടക്കുന്ന ബിജെപി സംസ്ഥാന നേതൃയോഗം ശ്രീ അമിത് ഷാ ഉദ്ഘാടനം ചെയ്യും. തദ്ദേശ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ യോഗം ചർച്ച ചെയ്യും. കേരള സന്ദർശനത്തിന് ശേഷം തമിഴ്നാട്ടിലെത്തുന്ന ശ്രീ അമിത് ഷാ തിരുനെൽവേലിയിൽ ബി ജെ പി ബൂത്ത് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കും.

**************************************************

## ജനകീയ കർമപരിപാടി

സുരക്ഷിത ജല ലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് സംസ്ഥാന വ്യാപകമായി **"ജലമാണ് ജീവൻ"** എന്ന പേരിൽ ജനകീയ തീവ്ര കർമപരിപാടി സംഘടിപ്പിക്കും. ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇതിൻറെ ഭാഗമായി ഈ മാസം 30, 31 തീയതികളിൽ എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്തും. അമീബിക് മസ്തിഷ്ക ജ്വരം പോലെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്ന സൂക്ഷ്മജീവികളെ പ്രതിരോധിക്കാനാണിത്.

**************************************************

## അമീബിക് മസ്തി ഷ് ക ജ്വരം

RNUTVPM

കോഴിക്കോട് ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു. രോഗം ബാധിച്ച് മരിച്ച താമരശ്ശേരി സ്വദേശി ഒമ്പത് കാരിയുടെ ഏഴ് വയസ്സുള്ള സഹോദരനും ചേലേമ്പ്ര സ്വദേശിയായ 59-കാരനുമാണ് അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളത്. നിലവിൽ മൂന്ന് പേർ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലാണ്.

**************************************************

## വാഴൂർ സോമൻ - സംസ്കാരം

പീരുമേട് എം എൽ എ വാഴൂർ സോമൻറെ സംസ്കാരം ഇന്ന്. പഴയ പാമ്പനാർ എസ് കെ ആനന്ദൻ സ്മൃതി മണ്ഡപത്തിന് സമീപം വൈകിട്ടാണ് സംസ്കാരം. വണ്ടിപ്പെരിയാർ ടൗൺഹാളിൽ രാവിലെ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ നിരവധി പേർ

അന്തിമോപചാരം അർപ്പിച്ചു. തിരുവനന്തപുരത്ത് ഇന്നലെ നടന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനിടെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

*************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...........

(ബ്രേക്ക്)

*************************************************

## ഐ ഡി എസ് എഫ് എഫ് കെ

17-ാമത് കേരള രാജ്യാന്തര ഡോക്യുമെൻററി, ഹ്രസ്വചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരി തെളിയും. കൈരളി തിയേറ്ററിൽ വൈകുന്നേരം നടക്കുന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ മേള ഉദ്ഘാടനം ചെയ്യും. 'ഫ്രം ഗ്രൗണ്ട് സീറോ' യാണ് ഉദ്ഘാടന ചിത്രം. ഈ മാസം 27 വരെ നടക്കുന്ന മേളയിൽ മുന്നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

PNJ TVPM

*************************************************

## ഫെസ്റ്റിവൽ ഓഫീസ്

സംസ്ഥാന സർക്കാരിൻറെ ഈ വർഷത്തെ ഓണം വാരാഘോഷ പരിപാടികളുടെ ഫെസ്റ്റിവൽ ഓഫീസ് തിരുവനന്തപുരത്തെ ടൂറിസം ഡയറക്ടറേറ്റിൽ തുറന്നു. മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. 2025-ലെ ഓണാഘോഷ പരിപാടികളുടെ ലോഗോ മന്ത്രി ജി.ആർ അനിൽ, മന്ത്രി വി. ശിവൻകുട്ടിക്ക് നൽകി പ്രകാശനം

ചെയ്യു. അടുത്ത മാസം 3 മുതൽ 9 വരെയാണ് ഓണം വാരാഘോഷ പരിപാടികൾ.

*************************************************

## നെഹ്റു ട്രോഫി (ഇൻട്രോ)

71-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. വള്ളംകളിയുടെ ഭാഗ്യചിഹ്നമായ കളിവള്ളം തുഴയുന്ന കാക്കത്തമ്പുരാട്ടിക്ക് കാത്തു എന്ന പേരിട്ടു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.......**

(വോയ്സ്)

*************************************************

## പി പ്രസാദ്

ഉഷ്ണതരംഗത്തെ തുടർന്ന് ഉപ്പുവെള്ളം കയറിയ കുട്ടനാടൻ പാടശേഖരങ്ങളിലെ നെല്ല് സംഭരണത്തിന് 1 കോടി 17 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി പി പ്രസാദ്. വിളനാശം നേരിട്ട കർഷകരിൽ നിന്നും കൃഷി വകുപ്പ് നേരിട്ട് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മുഖേനയാണ് നെല്ല് സംഭരിച്ചത്. ഉപ്പുവെള്ളം പാടശേഖരങ്ങളിൽ കയറിയതിനെ തുടർന്ന് പതിരായ നെല്ല് സംഭരിക്കുന്നതിൽ മില്ലുകാർ വൻ തോതിൽ കിഴിവ് ആവശ്യപ്പെടുകയും നെല്ല് സംഭരിക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്ത സാഹചര്യത്തിലാണ് നടപടി.

*************************************************

RIJU TVPM

## സ്വദേശി ദർശൻ പദ്ധതി-പാലക്കാട് (ഇൻട്രോ)

കേന്ദ്ര സർക്കാരിൻറെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ മലമ്പുഴ ഉദ്യാനത്തിൻറെ നവീകരണ പ്രവൃത്തികൾക്ക് തുടക്കമായി. മൈസൂർ വൃന്ദവാൻ മാതൃകയിലായിരിക്കും നവീകരണം.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയ്സ്)

*************************************

## വി.കെ. ശ്രീകണ്ഠൻ

രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എക്കെതിരെ നടക്കുന്നത് രാഷ്ട്രീയ വേട്ടയാടലാണെന്ന് വി.കെ. ശ്രീകണ്ഠൻ എംപി. ആരോപണം ഉന്നയിച്ച് രംഗത്ത് വന്ന ഒരു വ്യക്തി പോലും രേഖാമൂലം പരാതി നൽകിയിട്ടില്ലെന്നും അദ്ദേഹം പാലക്കാട് മാധ്യമങ്ങളോട് പറഞ്ഞു. അതെസമയം, രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ സ്ഥാനത്ത് തുടരുന്നത് ജനാധിപത്യത്തിന് അപമാനകരമാണെന്ന് മുൻ കേന്ദ്ര സഹമന്ത്രി വി മുരളിധരൻ പ്രതികരിച്ചു.

*************************************

## കോളേജ് തെരഞ്ഞെടുപ്പ്

കോട്ടയം സി.എം.എസ് കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പിൽ കെ എസ് യുവിന് വൻ വിജയം. 15 ൽ 14 സീറ്റും നേടിയാണ് കെ എസ് യു വിജയിച്ചത്. 37 വർഷങ്ങൾക്ക് ശേഷമാണ് ഇവിടെ കെ എസ് യു യൂണിയൻ പിടിച്ചെടുത്തത്.

*************************************

RNU TVPM

## മെമു സർവീസ്

ഷൊർണൂർ–നിലമ്പൂർ പാതയിൽ രാത്രികാല മെമു സർവീസ് നാളെമുതൽ ആരംഭിക്കും. എറണാകുളം–ഷൊർണൂർ മെമുവാണ് നിലമ്പൂരിലേക്ക് സർവീസ് നീട്ടുന്നത്. ഷൊർണൂരിൽ നിന്ന് രാത്രി 8.35 നാണ് നിലമ്പൂരിലേക്ക് ആദ്യ സർവീസ്. ഞായറാഴ്ച പുലർച്ചെ 3.40 ന് നിലമ്പൂരിൽനിന്ന് പുറപ്പെട്ട്, ഷൊർണൂർ വഴി രാവിലെ 9.10ന് കണ്ണൂരിൽ എത്തിച്ചേരും. എറണാകുളത്തുനിന്ന് വൈകിട്ട് 5.40ന് ട്രെയിൻ പുറപ്പെടും.

************************************

## ഗണപതി സ്പെഷ്യൽ ട്രെയിൻ

ഉത്സവകാലത്ത് ഭക്തർക്കും യാത്രക്കാർക്കും സുഖകരവുമായ യാത്ര ഉറപ്പാക്കുന്നതിന് ഇന്ത്യൻ റെയിൽവേ 380 - ഗണപതി സ്പെഷ്യൽ ട്രെയിൻ സർവ്വീസുകൾ പ്രഖ്യാപിച്ചു. ഈ മാസം 11 മുതൽ സ്പെഷ്യൽ ട്രെയിനുകൾ ഓടിത്തുടങ്ങി. 27 മുതൽ സെപ്റ്റംബർ 6 വരെയാണ് ഗണപതി പൂജ ആഘോഷം.

RNU TVPM

************************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് നടക്കുന്ന ആദ്യ മത്സരത്തിൽ ആലപ്പി റിപ്പിൾസ് തൃശൂർ ടൈറ്റൻസിനെ നേരിടും. ഉച്ചക്ക് 2.30 നാണു മത്സരം. രണ്ടാം മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഏരീസ് കൊല്ലം സെയ്‌ലേഴ്സ് അദാനി ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും.

**************************************************************************

************************************